**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **12-06-2024 - ൽ മറുപടിയ്ക്ക്**

**സാഫിന്റെ കീഴിലുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ആൻസലൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്)-ന്റെ കീഴിൽ നിലവിൽ എത്ര സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു എന്നതിനെ സംബന്ധിച്ചുള്ള കണക്കു ലഭ്യമാണോ; വിശദമാക്കാമോ; | (എ) | സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽ സംരഭങ്ങൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതിൽ ഫിഷ് & ഫിഷ് പ്രോസസിംഗ്, ഫുഡ് & ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, സൂപ്പർമാർക്കറ്റ്സ് & റീട്ടെയിൽ സ്റ്റോർസ്, സർവ്വീസസ് & അദേഴ്സ് എന്നീ കാറ്റഗറികളിലായി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ഫിഷ് വെൻഡിംഗ് കിയോസ്കുകൾ, ഡ്രൈ ഫിഷ് യൂണിറ്റ്സ് വിത്ത് മോഡേൺ ഡ്രയർ, ഫ്ലോർ മിൽ, വാല്യൂ ആഡഡ് ഫുഡ് പ്രോഡക്ട്സ്, ഹൗസ് കീപ്പിംഗ്/ലോൺഡ്രി/ഡ്രൈ ക്ലീനിംഗ് സർവ്വീസസ്, ഫാഷൻ ഡിസൈനിംഗ് ബോട്ടീക്, ബ്യൂട്ടി പാർലർ, ബേക്കറി/ഫുഡ് പ്രോസസിംഗ്, കാറ്ററിംഗ് സർവ്വീസസ്/ ഇവന്റ് മാനേജ്മെന്റ്, ഗാർഡൻ സെറ്റിംഗ് & നഴ്സറി, ലാബ്/മെഡിക്കൽ സ്റ്റോർ, ടൂറിസം, ഐ.റ്റി. സർവ്വീസ്, പ്രൊവിഷണൽ സ്റ്റോഴ്സ് വിത്ത് ഹോം ഡെലിവറി, ട്യൂഷൻ സെന്റർ, കമ്പ്യൂട്ടർ സെന്റർ/ഡി.റ്റി.പി./ഓൺലൈൻ സർവ്വീസസ്, ക്ലീനിംഗ്/വാഷിംഗ്/സാനിറ്ററി പ്രോഡക്ട്സ് മാനുഫാക്ചറിംഗ്, ഡ്രൈവിംഗ് സ്കൂൾ, ടെയിലറിംഗ് & ഗാർമെന്റ്സ് തുടങ്ങിയ 63-ഓളം വിവിധങ്ങളായ സംരഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മേൽ സംരംഭങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ വിറ്റുവരവ് 136.52 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | 2006 മുതൽ നാളിതുവരെ എത്ര സൂക്ഷ്മ തൊഴിൽ സംരംഭ യൂണിറ്റുകളാണ് സാഫിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളത്; അവയിൽ എത്രയെണ്ണം സുസ്ഥിരത ഉറപ്പാക്കി പ്രവർത്തിച്ചുവരുന്നു; വെളിപ്പെടുത്തുമോ; | (ബി) | 2006 മുതൽ നാളിതുവരെ സാഫിന്റെ കീഴിൽ 3428 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 1780 ചെറുകിട തൊഴിൽ സംരംഭങ്ങൾ സുസ്ഥിരത ഉറപ്പാക്കി പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഒരു കുടുംബം ഒരു സംരംഭം എന്ന രൂപത്തിൽ പദ്ധതികൾ നടപ്പാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ? | (സി) | ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരു വനിത അംഗത്തിന് തൊഴിൽ ഉറപ്പാക്കിയാണ് സാഫ് പദ്ധതികൾ നടപ്പിലാക്കുന്നത്. അതുപ്രകാരം 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു ചെറുകിട സംരംഭം ആരംഭിക്കുന്നതിലൂടെ 5 കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അതിലൂടെ നടപ്പ സാമ്പത്തിക വർഷത്തിൽ 500 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇതിലൂടെ ഒരോ മത്സ്യത്തൊഴിലാളി കുടുംബത്തിനും തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ